**പതിമൂന്നാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** 13-10-2011-ൽ **മറുപടിയ്ക്ക്.**

**ചോദ്യം നം.3005.**

## വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.നാണു.<br>ശ്രീ.മാത്യു.റ്റി.തോമസ്.<br>ശ്രീ.ജോസ് തെറ്റയിൽ.<br>ശ്രീമതി.ജമീലാ പ്രകാശം. | ശ്രീ.ഉമ്മൻ ചാണ്ടി,<br>(മുഖ്യമന്ത്രി) |
| എ) വിവിധ വകുപ്പുകളിൽ നിന്നിറങ്ങുന്ന മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെയും കത്തുകളുടെയും പകർപ്പുകൾ ജനപ്രതിനിധികൾക്ക് നൽകുവാൻ 'പ്രത്യേക നിർദ്ദേശമില്ലാത്തതിനാൽ' ആയത് ജനപ്രതിനിധികൾക്ക് ലഭ്യമാകാത്തതും തന്മൂലം പല പദ്ധതികളിലും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) എങ്കിൽ പ്രസ്തുത ഉത്തരവുകളുടെയും കത്തുകളുടെയും പകർപ്പുകൾ മറ്റ് ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നതു പോലെ തന്നെ യഥാസമയം അതാത് ജനപ്രതിനിധികൾക്കും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;<br><br>സി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി-യും സി-യും )<br>വിവിധ നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നിജസ്ഥിതി സ്ഥലം എം.എൽ.എ.മാരെ സമയ ബന്ധിതമായി അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകികൊണ്ടു പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ മാർക്ക് കൂടി നൽകണമെന്നും ബന്ധപ്പെട്ട വകുപ്പുകൾ അവരുടെ കീഴിലുള്ള വകുപ്പ് തലവന്മാർക്ക് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകണമെന്നും സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും, നിർദ്ദേശം നൽകിക്കൊണ്ട് പാർലമെന്ററി കാര്യ വകുപ്പ് 1294/എ2/07/പാ.കാ.വ. നമ്പരായി 7-5-2008-ൽ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

GOVERNMENT OF KERALA

1294/എ2/07/പാ.കാ.വ

പാർലമെൻററികാര്യ(എ) വകുപ്പ്
തിരുവനന്തപുരം
തിയതി:7.5.2008

**സർക്കുലർ**

വിഷയം: നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിജസ്ഥിതി യഥാ സമയം എം.എൽ.എ മാരെ അറിയിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

വിവിധ നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും മറ്റും നിജസ്ഥിതി യഥാ സമയങ്ങളിൽ സ്ഥലം എം.എൽ.എ മാരെ അറിയിക്കുന്നതിലും വിവിധ പ്രോജക്ടുകളുടെ ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയവ ഉൾപ്പെടെയുള്ള സർക്കാർ ഉത്തരവുകളുടെയും കത്തുകളുടെയും കോപ്പികൾ എം.എൽ.എ മാർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിലും വീഴ്ച സംഭവിക്കുന്ന കാര്യം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും എങ്കിൽ ഇവ യഥാസമയം ലഭ്യമാക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തുമോ എന്നും ഉള്ള 6.7.2007 ലെ 2414-ാം നമ്പർ നിയമസഭാ ചോദ്യത്തിന് മറുപടിയായി, ഇക്കാര്യം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ബഹു:മുഖ്യമന്ത്രി രേഖാമൂലം മറുപടി നൽകിയിരുന്നു.

2. നിയമസഭയ്ക്ക് നൽകിയ ഉറപ്പിൻെറ അടിസ്ഥാനത്തിൽ വിവിധ നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നിജസ്ഥിതി സ്ഥലം എം.എൽ.എ മാരെ സമയബന്ധിതമായി അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എയ്ക്ക്/എം.എൽ.എ മാർക്ക് കൂടി നൽകണമെന്നും ഇതിനാൽ എല്ലാ വകുപ്പുകളോടും നിർദ്ദേശിക്കുന്നു. ബന്ധപ്പെട്ട വകുപ്പുകൾ അവരുടെ കീഴിലുള്ള വകുപ്പു തലവൻമാർക്ക് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

പി.ജെ.തോമസ്
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിൻറ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും( സെക്ഷനുകൾക്കും).

പകർപ്പ്:
മുഖ്യമന്ത്രിയുടെ സെക്രട്ടറിയ്ക്ക്.
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷ നേതാവിൻെറ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ചീഫ് സെക്രട്ടറിയുടെ ജോയിൻറ് സെക്രട്ടറിയ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ